ലോക്കൽ ഫണ്ട് ആഡിറ്റിലെ ഇൻഫോർമൽ പോസ്റ്റിംഗ്

23 [1853] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ജീവനക്കാരുടെ സ്ഥലം മാറ്റത്തിനായി പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം ഇൻഫോർമൽ പോസ്റ്റിംഗ് എന്നൊരു നടപടി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടർ വ്യാപകമായി ഇൻഫോർമൽ സ്ഥലം മാറ്റങ്ങൾ നടത്തുന്നതു സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 2004 ജൂൺ മാസത്തിനുശേഷം ഏതെല്ലാം ജീവനക്കാരെ എത്രകാലയളവു വീതം ഇത്തരത്തിൽ ഇൻഫോർമൽ സ്ഥലം മാറ്റങ്ങൾ നൽകിയിട്ടുണ്ടെന്നതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) മാനദണ്ഡങ്ങൾക്കു വിരുദ്ധമായി ഇപ്രകാരം സ്ഥലം മാറ്റം നടത്തിയ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

(സി) സ്ഥലംമാറ്റ മാർഗ്ഗ രേഖയിൽ ഇൻഫോർമൽ പോസ്റ്റിംഗ് എന്നൊരു നടപടിയില്ല.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ തസ്തിക വിന്യാസം

24 [1854] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ ജീവനക്കാരുടെ ആകെ എത്ര തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

---

†അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ തസ്തികകൾ വിവിധ ഓഫീസുകളിലായി വിന്യസിക്കുന്നതിനു ചുമതലപ്പെട്ട അധികാരികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) അവസാനമായി തസ്തികവിന്യാസം നടന്നതെപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ഡി) തസ്തികവിന്യാസത്തിന്റെ കാര്യത്തിൽ 2001 മേയ് മാസത്തിനുശേഷം നടപ്പിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ഇ) തസ്തികവിന്യാസം സംബന്ധിച്ച് നിലവിലുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(എഫ്) ഈ കാലയളവിൽ തസ്തികവിന്യാസത്തിൽ മാറ്റം വരുത്തി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 840 തസ്തികകൾ.

(ബി) വകുപ്പ് ഡയറക്ടറാണ് തസ്തികകൾ വിന്യസിക്കുന്നതിനു ചുമതലപ്പെട്ട അധികാരി.

(സി) 2005 ഏപ്രിൽ മാസത്തിൽ.

(ഡി) ഭരണ സൗകര്യാർത്ഥം താഴെപ്പറയുന്ന തസ്തിക വിന്യാസം നടത്തിയിട്ടുണ്ട്.

1. വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നമ്പർ എൽ.എഫ്. 9/എസ്റ്റാ.1/02 തീയതി 19-11-2002 പ്രകാരം ഡയറക്ടറേറ്റിലെ ഒരു അറ്റൻഡർ തസ്തിക കോഴിക്കോട് കോർപ്പറേഷൻ ഓഡിറ്റിലേക്ക് വിന്യസിച്ചു.

2. ഡയറക്ടറുടെ ഉത്തരവ് നമ്പർ എൽ.എഫ്. 4500/എസ്റ്റാ.1/95 തീയതി 31-5-2004 പ്രകാരം ആലപ്പുഴ മുനിസിപ്പൽ ആഡിറ്റിലെ ഒരു അറ്റൻഡർ തസ്തിക ഡയറക്ടറേറ്റിലേക്ക് മാറ്റി നൽകി.

3. ഡയറക്ടറേറ്റിലെ ഒരു പ്യൂൺ തസ്തിക ഡയറക്ടറുടെ ഉത്തരവ് നമ്പർ എൽ.എഫ്.7/എസ്റ്റാ.1/05 തീയതി 5-4-2005 പ്രകാരം കുസാറ്റ് ഓഡിറ്റിലേക്ക് മാറ്റി.

4. കോർപ്പറേഷൻ ഓഡിറ്റ് കൊച്ചി, മുനിസിപ്പൽ ഓഡിറ്റ് ചങ്ങനാശ്ശേരി, പാലക്കാട് ജില്ലാ ഓഫീസ് എന്നിവിടങ്ങളിലെ ഓരോ ഓഡിറ്റർ തസ്തികകൾ നമ്പർ എൽ.എഫ്. 3/എസ്റ്റാ.1/05 തീയതി 20-4-2005 പ്രകാരം എം.ജി. യൂണിവേഴ്സിറ്റി ഓഡിറ്റിലേക്ക് മാറ്റി നൽകി.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(എഫ്) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

കൂടുതൽ സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കുവാൻ നടപടി

25 [1855] *ശ്രീ. ചെർക്കളം അബ്ദുള്ള:*

,, *കളത്തിൽ അബ്ദുള്ള:*

,, *യു. സി. രാമൻ:*

,, *ടി. പി. എം. സാഹിർ:*

,, *സി. മോയിൻ കുട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർട്ട് ഫീ സ്റ്റാമ്പ് ആവശ്യക്കാർക്ക് പല സ്ഥലങ്ങളിലും ലഭിക്കുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചു;

(സി) കോർട്ട് ഫീ സ്റ്റാമ്പ് ആവശ്യത്തിന് ലഭ്യമല്ലാത്ത സാഹചര്യത്തിൽ കൂടുതൽ സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്തെ എല്ലാ സ്റ്റാമ്പ് ഡിപ്പോകളിലും ചെറിയ ഇനം കോർട്ട് ഫീ സ്റ്റാമ്പുകൾ ആവശ്യത്തിന് സ്റ്റോക്ക് ഉള്ളതിനാൽ ഈ ഇനം സ്റ്റാമ്പുകൾക്ക് ഇപ്പോൾ ക്ഷാമം അനുഭവപ്പെടുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കെ. എസ്. എഫ്. ഇ. യിലെ ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

26 [1856] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഫിനാൻഷ്യൽ എന്റർപ്രൈസസിൽ ഇപ്പോൾ എത്ര ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവ് കണക്കാക്കിയിട്ടുണ്ട്;

(ബി) ഈ സ്ഥാപനത്തിലെ ജൂനിയർ അസിസ്റ്റന്റ് തസ്തികകളിലേക്കുള്ള ഒഴിവ് പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്തുന്നതിന് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ;

---

†അനുബന്ധം IX (a), (b), (c) & (d)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-IX (തു)

PROCEEDINGS OF THE DIRECTOR OF LOCAL FUND AUDIT, THIRUVANANTHAPURAM

LFAD—Estt. Shifting of Post of Attender—Reg.

No. LF. 9/Estt. 1/2002. *19th November, 2002.*

ORDER

The Deputy Director of Local Fund Audit, Corporation Audit, Kozhikode has requested for a post of Clerical Attender in his office to attend the heavy volume of work in Corporation Audit, Kozhikode.

Considering the request one post of Clerical Attender in Directorate is hereby shifted to Corporation Audit, Kozhikode with immediate effect.

(Sd.)

Director in-charge.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-IX (തുടർ)

PROCEEDINGS OF THE DIRECTOR OF LOCAL FUND AUDIT, THIRUVANANTHAPURAM

LOCAL FUND AUDIT DEPARTMENT—ESTABLISHMENT—CADRE STRENGTH—SHIFTING OF ATTENDER POST—ORDERS ISSUED.

No. LF. 4500/Estt. 1/95. *31st May, 2004.*

ORDER

One post of Attender in the Office of the Deputy Director of Local Fund Audit, Municipal Audit, Alappuzha is hereby shifted to the Directorate with immediate effect on administrative ground and public interest.

(Sd.)
C. KRISHNANKUTTY,
Joint director,
(in-change of Director of Local Fund Audit).

LIBRARY ARCHIVES Kerala Legislative Assembly

കേരളം-IX (സ്വ)

PROCEEDINGS OF THE DIRECTOR OF LOCAL FUND AUDIT, THIRUVANANTHAPURAM

LOCAL FUND AUDIT DEPARTMENT —ESTT—SHIFTING OF PEON POST FROM DIRECTORATE TO CUSAT AUDIT, KOCHI—ORDERS ISSUED.

No. LF.7/Estt.1/05. *5th April, 2005.*

ORDER

One post of Peon in the Directorate is shifted to the office of the Dy. Director of Local Fund Audit, CUSAT Audit, Kochi, on administrative grounds with immediate effect.

(Sd.)

Director of Local Fund Audit.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-IX (ബി)

PROCEEDINGS OF THE DIRECTOR OF LOCAL FUND AUDIT, THIRUVANANTHAPURAM

LFAD—Estt.—Transfer and postings of Auditor—Orders issued

No. LF. 3/Estt.1/05. *20th April, 2005.*

Read:— G. O. (Rt.) No. 3255/05/Fin. Dated: 19-4-2005.

ORDER

Government as per Government order read above have accorded sanction to redeploy three posts of Auditors from Directorate to M. G. University Audit to clear the arrear work. The following Auditors are transferred and posted in M. G. University Audit with immediate effect to public interest.

1. Sri K. V. Santhosh, Senior Grade Auditor, District Office, Palakkad.	Ist Option
2. Sri Ratheesh, C. R., Second Grade Auditor, Municipal Audit, Changanassery.	Request
3. Smt. Indulekha, A., Second Grade Auditor, Corporation Audit, Kochi.	Request Ist Option

(Sd.)

Director

(Local Fund Audit.)

LIBRARY ARCHIVES Kerala Legislative Assembly